പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 4263

16.12.2014-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി ചികിത്സ കിട്ടാതെ മരിച്ച സംഭവം

ചോദ്യം
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

മറുപടി
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള വയനാട് ജില്ലയിലെ തവിഞ്ഞാൽ പഞ്ചായത്തിലെ തലപ്പുഴ പ്രീമെട്രിക് ഹോസ്റ്റലിൽ താമസിച്ച് തലപ്പുഴ ഹയർസെക്കന്ററി സ്കൂളിൽ പഠിച്ചിരുന്ന 10-ാം ക്ലാസ് വിദ്യാർത്ഥി സുഭാഷ് ചികിത്സ കിട്ടാതെ 03.12.2014-ന് മരിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | സുഭാഷ് എന്ന കുട്ടി 01.12.2014-ന് മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ; | ബി) | അന്വേഷണം നടത്തുകയുണ്ടായി. പ്രശ്നവുമായി ബന്ധപ്പെട്ട് സംഭവം നടന്നതിന്റെ അടുത്ത ദിവസം തന്നെ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ എസ്.സുദർശൻ തലപ്പുഴ പ്രീ-മെട്രിക് ഹോസ്റ്റലിൽ നേരിട്ട് പോയി അന്വേഷണം നടത്തുകയും കുട്ടിയ്ക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിൽ ഹോസ്റ്റൽ ജീവനക്കാരുടെ ഭാഗത്തു നിന്ന് വീഴ്ചയുണ്ടായിട്ടില്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വയനാട് ജില്ലയിൽ എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ചികിത്സ കിട്ടാതെ മരിച്ചു എന്ന് മണ്ഡലം തിരിച്ചും, മറ്റ് ജില്ലകളിൽ എത്ര പേർ മരിച്ചുവെന്നും അറിയിക്കുമോ ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആരും തന്നെ ചികിത്സ കിട്ടാതെ മരിച്ചിട്ടില്ല. |
| ഡി) | പ്രസ്തുത വിഭാഗങ്ങൾക്ക് മികച്ച ചികിത്സ ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ? | ഡി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മികച്ച ചികിത്സ നൽകി വരുന്നുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ

അനുബന്ധം.

4263/16/12

<u>തലപ്പുഴ പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥി സുഭാഷ് 01/12/2014 ന് മരണമടഞ്ഞതു സംബന്ധിച്ച് 02/12/2014 ന് ഹോസ്റ്റലിൽ നേരിട്ടുപോയി അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ട്.</u>

02/12/14 ന് രാവിലെ 7.30 ന് ഹോസ്റ്റലിൽ എത്തി. മാനന്തവാടി ടിഡിഒ, മാനന്തവാടി പിവിറ്റിജി സെക്ടറൽ ഓഫീസർ, തവിഞ്ഞാൽ ടിഇഒ എന്നിവരും എത്തിയിരുന്നു. ഹോസ്റ്റലിൽ ആകെയുള്ള അന്തേവാസികളായ 64 പേരിൽ 56 പേർ ഹാജരുണ്ടായിരുന്നു. ഹോസ്റ്റലിലെ 3 നിലകളിലെ ഡോർമിറ്ററികളിലായി താമസിക്കുന്ന കുട്ടികളിൽ താഴത്തെ ഡോർമിറ്ററിയിൽ മരണമടഞ്ഞ സുഭാഷിനോടൊപ്പം കഴിഞ്ഞിരുന്ന 18 കുട്ടികളോട് ആദ്യവും പിന്നീട് മുഴുവൻ കുട്ടികളുമായും മറ്റെല്ലാവരുടേയും സാന്നിധ്യം ഒഴിവാക്കി കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. സുഭാഷിനോടൊപ്പം താഴത്തെ ഡോർമിറ്ററിയിൽ കഴിഞ്ഞിരുന്ന കുട്ടികളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സുഭാഷിന് ഓണാവധിക്കുമുമ്പ് തലവേദന വന്നിരുന്നു. അന്ന് മരുന്നു വാങ്ങി കഴിച്ച് ഭേദമാവുകയും ചെയ്തു. 30/11/2014 ഞായറാഴ്ച രാത്രി , ഭക്ഷണം കഴിഞ്ഞ് 10-ാം ക്ലാസ്സ് വിദ്യാർത്തികൾ ഒന്നിച്ചിരുന്ന് പഠനവും നടത്തിയ ശേഷം 10 മണിയോടെ എല്ലാവരും ഉറങ്ങാൻ കിടന്നു. രാത്രി 12 മണിയോടെ 10-ാം ക്ലാസ്സിൽത്തന്നെയുള്ള പ്രവീണിനെ സുഭാഷ് വിളിച്ചുണർത്തി തലവേദന ഉണ്ടെന്ന് പറഞ്ഞു. പ്രവീൺ കുടിക്കാൻ കുറച്ചുവെള്ളവും കൊടുത്ത് നെറ്റിയിൽ വിക്സും പുരട്ടി വീണ്ടും ഉറങ്ങാൻ കിടന്നു. രാവിലെ 5 മണിക്ക് എല്ലാവരും ഉണർന്നപ്പോൾ ഉറങ്ങുകയായിരുന്ന സുഭാഷിനെ വിളിച്ചില്ല. അസുഖമായതുകൊണ്ട് ഉറങ്ങട്ടെ എന്ന് കൂട്ടുകാർ കരുതുകയും വാച്ചുമാനോട് വിവരം പറയുകയും ചെയ്തു. രാവിലെ 6 മണിക്ക് വാച്ചുമാൻ ചായ കൊണ്ടു ചെന്നു കൊടുക്കുകയും അതു കുടിച്ചിട്ട് സുഭാഷ് വീണ്ടും കിടക്കുകയും ചെയ്തു. 8 മണിക്ക് 10, +1 ക്ലാസ്സുകളിലെ കുട്ടികൾ ഭക്ഷണം കഴിക്കാൻ പോയപ്പോഴും ഇപ്പോൾ വേണ്ട എന്നു പറഞ്ഞു സുഭാഷ് കിടന്നു. കൂട്ടുകാർ ടി യാനുള്ള ഭക്ഷണം കൊണ്ടുവന്ന് വച്ചെങ്കിലും കഴിച്ചില്ല. മുതിർന്ന കുട്ടികൾ പോയതിനുശേഷം 9 മണിയോടെ ബാക്കികുട്ടികൾ സ്കൂളിൽ പോകാൻ തയ്യാറായപ്പോഴും 9-ാം ക്ലാസ്സിലെ നരേഷ് സുഭാഷിനെ വിളിച്ച് സ്കൂളിൽ പോകാത്തത് എന്താണെന്ന് ചോദിച്ചപ്പോൾ തലവേദനയാണെന്ന് പറഞ്ഞിരുന്നു.

സ്കൂളിൽ പോകാനുള്ള കുട്ടികൾ പോയതിനുശേഷം അസുഖമുള്ള മറ്റു മൂന്നുകുട്ടികളെയും സുഭാഷിനെയും ആശുപത്രിയിൽ കൊണ്ടു പോകുന്നതിന് വാച്ചുമാൻ തയ്യാറായി സുഭാഷ് ഭക്ഷണം കഴിച്ചോ എന്ന് നോക്കാൻ രഞ്ചിത്ത് എന്ന കുട്ടിയോട് ആവശ്യപ്പെടുകയും രഞ്ചിത്ത് ചെന്നു വിളിച്ചപ്പോൾ അനക്കമില്ലാതിരുന്നതിനാൽ ഉടൻ തന്നെ വാച്ചുമാനെ വിവരം അറിയിക്കുകയും ചെയ്തു. വാച്ചുമാൻ എത്തിവിളിച്ചപ്പോൾ കണ്ണു തുറന്നു നോക്കുകയും കഠിനായ അസ്വസ്ഥത പ്രകടിപ്പിക്കുകയും ചെയ്തു. ഉടൻ തന്നെ തലപ്പുഴയിൽ നിന്നും വാഹനം വിളിച്ചു വരുത്തി വാച്ചുമാനും ബിനീഷ് എന്ന വിദ്യാർത്ഥിയും വാഹനത്തിൽ സുഭാഷിനോടൊപ്പം കയറി മാനന്തവാടി ആശുപത്രിയിലേയ്ക്ക് പോകുകയും ചെയ്തു.

ആശുപത്രിയിലേയ്ക്ക് പോകുന്ന വഴി ജീപ്പിൽ വച്ച് സുഭാഷ് വീണ്ടും അസ്വസ്ഥതപ്രകടിപ്പിക്കുകയും കണ്ണുതുറന്ന് നോക്കുകയും മൂത്രം പോവുകയും ചെയ്തതായി ബീനീഷ് എന്ന കുട്ടിയും വാച്ചുമാനും അിറയിച്ചു. മാനന്തവാടി ആശുപത്രിയിൽ എത്തിയപ്പോൾത്തന്നെ ഡ്യൂട്ടി ഡോക്ടർ പരിശോധിച്ച് മരണം സ്ഥിരീകരിക്കുകയും മരണം നടന്നിട്ട് 15 മിനിട്ടെങ്കിലുമായിട്ടുണ്ട് എന്നറിയിക്കുകയും ചെയ്തു.

സംഭവം സംബന്ധിച്ച് വാച്ചുമാൻ നൽകിയ വിശദീകരത്തിൽ പൊതുവെ ശാന്ത സ്വഭാവക്കാരനായ സുഭാഷ് 30/11/14 ന് ഞായറാഴ്ച പകൽ പ്രസന്നനായി കാണപ്പെട്ടിരുന്നുവെന്നും പഠനത്തിൽ പിന്നോക്കമായതിനാൽ അന്നേ ദിവസം ഉച്ച കഴിഞ്ഞ് സ്കൂൾ കൗൺസിലർ കൗൺസിലിംഗ് നടത്തിയതായും അതിനുശേഷം സന്തോഷവാനായിരുന്നുവെന്നും പരാമർശിച്ചിട്ടുണ്ട്. സുഭാഷിന് രാത്രിയിൽ അനുഭവപ്പെട്ട തലവേദനയെപ്പറ്റി രാവിലെ വിളിച്ചുണർത്താൻ ചെന്നപ്പോൾ മറ്റുകുട്ടികൾ പറഞ്ഞാണ് വാച്ചുമാൻ അറിഞ്ഞതെന്നും കാപ്പികൊടുത്ത് നെറ്റിയിൽ വിക്സും പുരട്ടി കുറച്ചുനേരം കൂടി ഉറങ്ങാൻ നിർദ്ദേശിച്ചെന്നും തലവേദന കുറവുണ്ടെന്ന് സുഭാഷ് പറഞ്ഞതായും രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീടുണ്ടായ കാര്യങ്ങളെല്ലാം കുട്ടികളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞ പ്രകാരമാണ് വാച്ചുമാനും വിശദീകരിച്ചിട്ടുള്ളത്.

സുഭാഷിന്റെ കാര്യങ്ങളെപ്പറ്റി സ്കൂൾ കൗൺസിലറോട് അന്വേഷിച്ചതിൽ , 10-ാം ക്ലാസ്സിൽ പഠിക്കുന്ന സുഭാഷിന് കൗൺസലിംഗ് നടത്തണമെന്ന് 30/11/2014 ന് വാച്ചുമാൻ ആവശ്യപ്പെട്ടതനുസരിച്ച് കൗൺസിലിംഗ് നടത്തിയതായും അന്നേ ദിവസം രാവിലെ തലവേദന ഉണ്ടായിരുന്നതായും പിന്നീട് മാറിയതായും കുട്ടിയുടെ പിതാവ് മാനസികാസ്വാസ്ഥ്യം ഉള്ളയാളായിരുന്നെന്നും 3 വർഷം മുമ്പ് മരണപ്പെട്ടു പോയതായും മാതാവ് മറ്റൊരാളോടൊപ്പം താമസമാണെന്നും ടിയാനുൾപ്പെടെ 4 മക്കൾ അച്ഛമ്മയുടെ സംരക്ഷണത്തിലാണെന്നും മനസ്സിലാക്കുകയും അടുത്ത

4263/16/12 3

ദിവസം തന്നെ കുട്ടിയെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് വാച്ചുമാൻ നിർദ്ദേശം നൽകിയതായും മനസ്സിലാക്കാൻ കഴിഞ്ഞു.

ഹോസ്റ്റൽ അന്തേവാസിയായ സുഭാഷിനെ ഹോസ്റ്റലിൽ നിന്നും ആശുപത്രിയിലേക്ക് കൊണ്ടുപോവുകയും ടി.യാൻ മരണപ്പെടുകയും ചെയ്തതറിഞ്ഞ് പ്രദേശവാസികളായ പൊതു പ്രവർത്തകരും ജനപ്രതിനിധികളും 01/12/14 ന് 10 മണിയോടെ ഹോസ്റ്റലിലെത്തുകളയും ഹോസ്റ്റൽ ജീവനക്കാരുടെ അനാസ്ഥമൂലമാണ് കുട്ടിമരിക്കാനിടയായതെന്ന ധാരണയിൽ ബഹളമുണ്ടാക്കുകയും ചെയ്തു. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ തവിഞ്ഞാൽ ടി.ഇ.ഒ, മാനന്തവാടി ടി.ഡി.ഒ എന്നിവരെ തടഞ്ഞുവച്ച് ബഹളമുണ്ടാക്കിയവരെ മാനന്തവാടി സബ് കളക്ടർ എത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാമെന്നു ഉറപ്പു നൽകി സമാധാനപ്പെടുത്തി അയയ്ക്കുകയാണുണ്ടായത്. കൂടുതൽ പ്രശ്നങ്ങളുണ്ടാകാതിരിക്കാനായി ഹോസ്റ്റലിൽ അപ്പോഴുണ്ടായിരുന്ന ദിവസ വേതന പാചകക്കാരിയെ മാറ്റി ടി.ഡി.ഒ പകരം ക്രമീകരണം ഏർപ്പെടുത്തുകയും ചെയ്തു.

ശ്രീ. സുഭാഷിൻെറ അസുഖവും തുടർന്നുണ്ടായമരണവും സംബന്ധിച്ച കാര്യങ്ങളിൽ ഹോസ്റ്റൽ ജീവനക്കാരുടെ ഭാഗത്തു നിന്നും ഒരു വിധത്തിലുമുള്ള വീഴ്ച ഉണ്ടായിട്ടുള്ളതായി ഹോസ്റ്റൽ അന്തേവാസികൾ ആരും തന്നെ അഭിപ്രായപ്പെട്ടിട്ടില്ല. ഹോസ്റ്റലിലെത്തി ബഹളമുണ്ടാക്കിയ ആരെയും അറിയില്ലെന്നും ഹോസ്റ്റൽ അന്തേവാസികളുടെ രക്ഷിതാക്കളാരും കൂട്ടത്തിൽ ഉണ്ടായിരുന്നില്ലെന്നും കുട്ടികളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അന്വേഷണസമയത്ത് ഹാജരുണ്ടായിരുന്ന, ഹോസ്റ്റലിലെ ഒരുകുട്ടിയുടെ മരണമറിഞ്ഞെത്തിയ, സ്ത്രീകളായ 4 രക്ഷിതാക്കളുമായി സംസാരിച്ചതിൽ ഹോസ്റ്റലിന്റെ പ്രവർത്തനത്തെപ്പറ്റിയോ കുട്ടികൾക്ക് ഹോസ്റ്റലിൽ ലഭ്യമാകുന്ന സൗകര്യങ്ങളെപ്പറ്റിയോ യാതൊരു വിധപരാതികളും ഇതേവരെ കുട്ടികൾ ഉന്നയിച്ചിട്ടില്ലെന്നും രക്ഷിതാക്കളും തൃപ്തരാണെന്നും അറിയാൻ കഴിഞ്ഞു.

സ്ഥാപനമേധാവിയായ ഹോസ്റ്റൽവാർഡൻ 30/11/2014 ഞായറാഴ്ച അവധി ആയതിനാൽ സ്ഥാപനത്തിൽ ഉണ്ടായിരുന്നില്ല. തിങ്കളാഴ്ച രാവിലെ വാച്ചുമാൻ ഫോണിൽ വിവരമറിയിച്ചതനുസരിച്ച് ഉടൻ തന്നെ മാനന്തവാടി ആശുപത്രിയിൽ എത്തുകയും തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേയ്ക്ക് മൃതദേഹം പോസ്റ്റുമാർട്ടം നടത്തിക്കുന്നതിനായി കൊണ്ടു പോകുകയും ചെയ്തു. 02/12/2014 ന് രാവിലെ 11 മണികഴിഞ്ഞ് പോസ്റ്റുമാർട്ടം നടത്തിക്കിട്ടിയ കുട്ടിയുടെ ശരീരം ഉച്ചകഴിഞ്ഞ് 2 മണിക്ക് തലപ്പുഴ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ പൊതുദർശനത്തിന് വയ്ക്കുകയും 3 മണിയോടെ സ്കൂളിൽ നിന്നും കൊണ്ടുപോയി 5

മണിക്ക് കുട്ടിയുടെ പനമരത്തുള്ള കോളനിയിലെ ശ്മശാനത്തിൽ സംസ്ക്കരിക്കുകയും ചെയ്തു.

01/12/14 ന് മാനന്തവാടി ആശുപത്രിയിൽ കുട്ടിയുടെ മരണം സ്ഥിരീകരിച്ചയുടൻതന്നെ കുട്ടിയുടെ വീട്ടിൽ വിവരം അറിയിക്കുന്നതിന് മാനന്തവാടി ടി.ഡി.ഒ , മാനന്തവാടി പി.വി.റ്റി.ജി സെക്ടറൽ ഓഫീസറേയും പനമരം ടി.ഇ.ഒയേയും ചുമതലപ്പെടുത്തി അയച്ചു. അവർ പനമരം പഞ്ചായത്തിലെ ജനപ്രതിനിധികളോടൊപ്പം കുട്ടിയുടെ വീട്ടിൽ വിവരം അറിയിക്കുകയും ബന്ധുക്കൾക്ക് മൃതദേഹത്തോടൊപ്പം കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പോകുന്നതിന് വാഹനം ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. കുട്ടിക്ക് വർഷങ്ങൾക്കുമുമ്പ് തലവേദന വന്നിട്ടുണ്ടെന്നും അന്ന് സ്കാനിംഗ് നടത്തിയിരുന്നെന്നും പ്രത്യേകിച്ച് അസുഖമൊന്നും കണ്ടെത്താൻ കഴിയാതിരുന്നതിനാലാണ് പിന്നീട് പലപ്പോഴും തലവേദന വന്നിട്ടുള്ളപ്പോൾ നിസ്സാരമായി കണക്കാക്കിയിരുന്നതെന്നും ബന്ധുക്കളിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. പോസ്റ്റുമാർട്ടം റിപ്പോർട്ട് ലഭ്യമായിട്ടില്ലെങ്കിലും കുട്ടിക്ക് **' ബ്രെയിൻ ട്യൂമർ'** രോഗമുണ്ടായിരുന്നതായാണ് പ്രാഥമിക നിഗമനമെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സുഭാഷിന്റെ മരണം ഹോസ്റ്റൽ ജീവനക്കാരുടെ ഏതെങ്കിലും വിധത്തിലുള്ള അനാസ്ഥമൂലമാണെന്ന് ബന്ധുക്കളോ, കോളനിക്കാരോ അഭിപ്രായപ്പെട്ടിട്ടില്ല.

ഹോസ്റ്റൽ ഡോർമിറ്ററിയിൽ തങ്ങളോടൊപ്പം താമസിച്ചിരുന്ന ഒരു കുട്ടിയുടെ ആകസ്മികമായ മരണം ഹോസ്റ്റൽ അന്തേവാസികളിൽ വിഷമമുണ്ടാക്കുന്നത് ഒഴിവാക്കുന്നതിനായി അന്നേ ദിവസം ഹോസ്റ്റലിലെ കൗൺസിലറെ കൂടാതെ നല്ലൂർനാട് എം.ആർ.എസിലെ കൗൺസിലറെ കൂടി ഹോസ്റ്റലിൽ താമസിപ്പിക്കുകയും കുട്ടികളെ നിരീക്ഷിക്കുകയും ചെയ്യുന്നതിന് മാനന്തവാടി ടി.ഡി.ഒ നടപടി സ്വീകരിച്ചിരുന്നു. എന്റെ അന്വേഷണസമയത്ത് രണ്ടു കൗൺസിലർമാരും സ്ഥാപനത്തിൽ ഉണ്ടായിരുന്നു. രണ്ടു ദിവസം കൂടി തൽസ്ഥിതി തുടരുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മരണമടഞ്ഞ സുഭാഷും ഇളയ 3 സഹോദരങ്ങളും അച്ഛനമ്മമാർ നഷ്ടപ്പെട്ടവരായതിനാൽ അച്ഛമ്മയുടെ സംരക്ഷണയിൽ കഴിയുന്നതു പരിഗണിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കൈത്താങ്ങ് പദ്ധതിയിൽ ഉൾപ്പെടുത്തി അച്ഛമ്മയ്ക്ക് പ്രതിമാസം 4000 രൂപ വീതം നിലവിൽ നൽകിവരുന്നുണ്ട്. സുഭാഷിന്റെ മരണത്തോടനുബന്ധിച്ചുണ്ടായിട്ടുള്ള മുഴുവൻ ചെലവുകളും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നു തന്നെ വഹിക്കുന്നതിന് നടപടികൾ മാനന്തവാടി റ്റി.ഡി.ഒ സ്വീകരിച്ചിട്ടുണ്ട്.

സുഭാഷിന് നേരത്തേ മുതൽ തലവേദന ഉണ്ടായിരുന്നതും ചികിത്സനടത്തിയിരുന്നതുമായ കാര്യം ഹോസ്റ്റൽ ജീവനക്കാർക്ക് അറിയില്ലായിരുന്നു. സാധാരണ തല

4263
16/12

വേദന എന്ന രീതിയിൽ കണ്ട് മറ്റുകുട്ടികൾ സ്കൂളിൽ പോയതിനുശേഷം മരുന്നുവാങ്ങാൻ കൊണ്ടുപോകാം എന്ന് വാച്ചുമാൻ കരുതിയതിനാലാണ് അബോധാവസ്ഥയിൽ ഹോസ്റ്റലിൽനിന്നും ആശുപത്രിയിലേയ്ക്ക് കൊണ്ടു പോകേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളത്. ഈ വിഷയത്തിൽ ഹോസ്റ്റൽ ജീവനക്കാരിൽ നിന്നും മന:പൂർവ്വമായി ഒരുവിധത്തിലുമുള്ള വീഴ്ചയുണ്ടായിട്ടില്ലെന്ന് റിപ്പോർട്ടു ചെയ്യുന്നു.

(signature)
സെക്ഷൻ ഓഫീസർ.